**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **02-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിനു നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളിലൂടെ കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (എ) | കഴിഞ്ഞവർഷം കൈറ്റ് വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്ത ഡിജിറ്റൽ വീഡിയോ ക്ലാസ്സുകളുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 1. ഒന്നാം ടേം പോർഷനെ അടിസ്ഥാനമാക്കി ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ മാധ്യമങ്ങളിൽ 'വഴികാട്ടി 'എന്ന പേരിൽ വർക്ക് ഷീറ്റ് തയ്യാറാക്കി സ്കൂളുകൾ വഴി കുട്ടികൾക്കു നൽകുകയും അധ്യാപകർ വിലയിരുത്തുകയും ചെയ്യുന്നു. 2. ഡിജിറ്റൽ വീഡിയോ ക്ലാസ്സുകൾ പൂർത്തിയായശേഷം സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ 'പഠനമികവുരേഖ' ഒന്നു മുതൽ ഒൻപതുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ലഭ്യമാക്കി. മേൽപറഞ്ഞ വർക്ക്ഷീറ്റുകൾ/പ്രവർത്തന കാർഡുകൾ പൂർത്തിയാക്കുന്നതിന് സ്കൂൾ അധ്യാപകർ കുട്ടികളെ സഹായിക്കുകയും പൂർത്തിയാക്കിയവ കുട്ടികൾ സ്കൂളിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിലെത്തുന്ന വർക്ക്ഷീറ്റുകൾ/ പ്രവർത്തന കാർഡുകൾ അധ്യാപകർ വിലയിരുത്തൽ നടത്തുന്നുണ്ട്. ഈ വർഷം ഡിജിറ്റൽ വീഡിയോ ക്ലാസ്സുകളുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്കായി വർക്ക്ഷീറ്റ്/ പ്രവർത്തന കാർഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ